AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 249/2018 19.11.2018

## നവകാർഷിക കേരളം - ഫോട്ടോഗ്രാഫി മത്സരം

വൈഗ - 2018- നോടനുബന്ധിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ പൊതുജനങ്ങൾക്കായി ഒരു ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. **"നവകാർഷിക കേരളം"** എന്നതാണ് ഫോട്ടോഗ്രാഫി മത്സരത്തിന്റെ വിഷയം. പ്രായഭേദമെന്യേ ആർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ക്യാമറയിലും മൊബൈൽ ഫോണിലും എടുത്ത ഫോട്ടോകൾ അയയ്ക്കാവുന്നതാണ്. വിജയികൾക്ക് 10,000/-, 7,500/-, 5,000/- എന്നിങ്ങനെ യഥാക്രമം 1,2,3 സ്ഥാനങ്ങൾക്ക് സമ്മാനങ്ങൾ നൽകുന്നു. കൂടാതെ, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഫേസ്ബുക്ക് പേജിൽ ഏറ്റവുമധികം ലൈക്ക് കിട്ടുന്ന എൻട്രിക്ക് 5,000/- രൂപ സമ്മാനം ലഭിക്കും. എൻട്രികൾ അയയ്ക്കുന്ന ആളിന്റെ പൂർണ്ണവിലാസം, ബന്ധപ്പെടേണ്ട നമ്പർ എന്നിവ സഹിതം vyga2018@gmail.com, എന്ന ഇ-മെയിൽ വിലാസത്തിലോ **8129284228** എന്ന വാട്സ് ആപ്പ് നമ്പരിലോ 2018 ഡിസംബർ 15-ന് മുമ്പായി അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.fibkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, 0471-2314358 എന്ന നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**